©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട് (2022-2023)മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2023 ആഗസ്റ്റ് 10-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-2023)ന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

825/2023.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
## (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ
മത്സ്യബന്ധനം സാംസ്കാരികം- യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. ടി. ഐ. മധുസൂധനൻ
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. കെ. എം. സച്ചിൻദേവ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
ശ്രീമതി  ദീപ വി., ജോയിന്റ് സെക്രട്ടറി
ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23), 2022 ജൂൺ 27-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ (വിദ്യാഭ്യാസം, കായികവിനോദം, കല, സാംസ്കാരികം) കീഴിൽ വരുന്ന ചെലവിനങ്ങൾ സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടിപത്രികകൾ സമിതി 7-6-2023, 31-7-2023, 8-8-2023 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2023 ആഗസ്റ്റ് 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

അദ്ധ്യായം-1

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികകളും

പൊതുവിദ്യാഭ്യാസ വകുപ്പ്

### ശിപാർശ (ഖണ്ഡിക നം. 1)

2202-01-102-99-01-4—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം - ടീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

5849 എയ്ഡഡ് പ്രൈമറി സ്കൂൾ അധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 1.9544 കോടി രൂപയിൽ നിന്നും 1.8660 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

### ശിപാർശ (ഖണ്ഡിക നം. 2)

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം - വേതനം - കൺസളിഡേറ്റഡ് പേ

പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.1645 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 7.2686 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും, ആകെ 66.1281 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 3)**

2202-01-104-99—<u>പരിശോധന</u>

സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻ വർഷങ്ങളിലെ വൈദ്യുതി ചാർജ് കുടിശ്ശിക, വാടകയിനത്തിലുള്ള കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.95033 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 131.5081 കോടി രൂപയിൽ നിന്നും 113.5512 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 4)**

2202-01-111-96 -03—<u>സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടറേറ്റ് - സമഗ്ര ശിക്ഷ അഭിയാന് സംസ്ഥാനത്തിന്റെ അധിക സഹായം</u>

2686 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 20,000 രൂപ ക്രമത്തിൽ ശമ്പളം നൽകുന്നതിനായും ബ്ലോക്ക് റിസോഴ്സ് സെന്ററുകളുടെ നവീകരണത്തിനായും സമഗ്രശിക്ഷയുടെ 50 ഓട്ടിസം സെന്ററുകളിൽ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 36.76 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക നം. 5)

2202-01-112-90 -01—ഉച്ചഭക്ഷണ പരിപാടി *(60%* കേന്ദ്രാവിഷ്കൃതം*)* - കേന്ദ്രവിഹിതം

ഭക്ഷ്യവിതരണ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 174.34 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 67.537 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും, ടി ശീർഷകത്തിൽ നിന്നും ആകെ 292.5369 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നം. 6)

2202-01-112-90-02—ഉച്ചഭക്ഷണ പരിപാടി *(60%* കേന്ദ്രാവിഷ്കൃതം*)* - സംസ്ഥാന വിഹിതം

ഭക്ഷ്യവിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 112.04 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 17.1691 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും, ടി ശീർഷകത്തിൽ നിന്നും ആകെ 167.0672 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നം. 7)

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

കോർപ്പറേഷൻ മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 3.3925 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 22 ലക്ഷം രൂപയിൽ നിന്നും 6.77 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 8)**

2202-01-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുനിസിപ്പാലിറ്റി മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 49.52034 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 60 ലക്ഷം രൂപയിൽ നിന്നും 22.043 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 9)**

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 11.09369 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 74 ലക്ഷം രൂപയിൽ നിന്നും 17.89 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

### ശിപാർശ (ഖണ്ഡിക നം. 10)

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ഗ്രാമപഞ്ചായത്ത് മുഖാന്തിരം പ്രൈമറി സ്കൂളുകളിലെ മുൻ വർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.5114496 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 2.40 കോടി രൂപയിൽ നിന്നും 83.049 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

### ശിപാർശ (ഖണ്ഡിക നം. 11)

2202-02-001-99-06—ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ - വാടക - കരം - നികുതി

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വസതിയുടെ വാടകയുമായി ബന്ധപ്പെട്ട് പ്രതിമാസം 16000 രൂപ നിരക്കിൽ മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 96,000 രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും, ആകെ 2.40 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നം. 12)

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ 1155 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവ്,

മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണിയും, വാഹനത്തിന്റെ ഇന്ധന ചെലവ് എന്നിവയുടെ കുടിശ്ശിക തുക നൽകുന്നതിനായി 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 84.2576 കോടി രൂപയിൽ നിന്നും 76.7059 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 13)**

2202-02-001-85-01—<u>സ്കൂൾ വിദ്യാഭ്യാസം - നവീകരണം</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പണി പൂർത്തിയായ കെട്ടിടത്തിലെ ഇന്റീരിയർ വർക്കുകൾക്കുവേണ്ടി യു.എൽ.സി.സി.എസ്. എന്ന സ്ഥാപനത്തിന് അനുവദിക്കാനുള്ള ഫണ്ട് നൽകുന്നതിലേക്കായും കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് നവീകരണത്തിനായും കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിലേക്കായും നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.90 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ '4202-01-202-79(പി)' എന്ന ശീർഷകത്തിൽ പുനഃക്രമീകരിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ടി ശീർഷകത്തിൽ വകയിരുത്തിയ 25 കോടി രൂപയിൽ നിന്നും ടി സാമ്പത്തിക വർഷത്തിൽ 14.6686 കോടി രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് '2022-02-001-85-01 സ്കൂൾ വിദ്യാഭ്യാസം - നവീകരണം' എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 14)**

2202-02-101-99—<u>പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ</u>

01-4—<u>ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

05-2—<u>ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്</u>

38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുകയും വൈദ്യുതി ചാർജ് ഇനത്തിലുള്ള കുടിശ്ശിക തുകയും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2202-02-101-99-01-4—ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 6.50 ലക്ഷം രൂപയിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ 4.1027 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

2202-02-101-99– 05-2- ഓഫീസ് ചെലവുകൾ-വൈദ്യുത ചെലവ് എന്ന ശീർഷ കത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 11.55 ലക്ഷം രൂപയിൽ നിന്നും 10.7388 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 15)**

2202-02-106-99—<u>പാഠപുസ്തകങ്ങൾ - പാഠപുസ്തക പ്രസിദ്ധീകരണം</u>

പാഠപുസ്തക ഓഫീസിലെ മുൻവർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾവഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 39.0038 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കുകയും, ആകെ 80.9224 കോടി രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 16)**

2202-02-108-99—<u>പരീക്ഷകൾ - പരീക്ഷാ വിഭാഗം</u>

പരീക്ഷാ വിഭാഗത്തിലെ 131 ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധിയാത്രാ ആനുകൂല്യം, വാട്ടർ ചാർജ്ജ്, ഇന്ധന ചെലവ് കുടിശ്ശിക എന്നിവ തീർപ്പാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.2559 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 33.9431 കോടി രൂപയിൽ നിന്നും 30.0461 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 17)**

2202-02-109-99-04-4—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ - യാത്രാച്ചെലവുകൾ - അവധിയാത്രാനുകൂല്യം

സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ 24191 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ അവധിയാത്രാ ആനുകൂല്യം ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 7 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 18)**

2202-02-109-74—ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

കരിയർ ഗൈഡുമാർക്കും സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും റെസിഡൻഷ്യൽ പരിശീലനം നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 19)**

2202-02-109-71—അക്കാദമിക് എക്സലൻസ്

സംസ്ഥാനത്തെ സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പ് വരുത്തുന്നതിനും അധ്യാപക പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും സബ് ജില്ലാ/സംസ്ഥാനതല ശാസ്ത്രോത്സവം ഉൾപ്പെടെയുള്ള ക്ലബ്തല പ്രവർത്തനങ്ങൾക്കും സംസ്കൃത സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിലേക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 79.30 ലക്ഷം രൂപ ധനപുനഃവിനി യോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 25.20 കോടി രൂപയിൽ നിന്നും 16.5333 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 20)**

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഭാഗമായി എം. ജി.എൽ.സികൾക്കുള്ള ഓണറേറിയം, ഏൺഡ് ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കായും ദേശീയ/സംസ്ഥാന സ്കൂൾ സ്പോർട്സ് ജേതാക്കൾക്കുള്ള പെയ്ഡ് മണി എന്നിവയ്ക്കായുമുള്ള നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.6350666 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 82.80 കോടി രൂപയിൽ നിന്നും 65.0874 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 21)**

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യം

സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ '4202-01-202-77(പി)' എന്ന ശീർഷകത്തിൽ പുനഃക്രമീകരിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ടി ശീർഷകത്തിൽ വകയിരുത്തിയ 10 കോടി രൂപയിൽ നിന്നും 9.9467 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാൽ സമതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ (ഖണ്ഡിക നം. 22)**

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

ജില്ലാ/ഉപജില്ലാ സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ എന്നിവ നടത്തുന്നതിനായും സംസ്ഥാനതല സ്കൂൾ കായിക മേളയുടെ നടത്തിപ്പിനായി സ്പോർട്സ് സെക്ഷനിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.46 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 3.50 കോടി രൂപയിൽ നിന്നും 2.2459 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 23)**

2202-02-191-50—<u>മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

കോർപ്പറേഷൻ മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.70851 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 15 ലക്ഷം രൂപയിൽ നിന്നും 4.455 ലക്ഷം രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 24)**

2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം -റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

മുനിസിപ്പാലിറ്റികൾ മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 71.33926 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 25 ലക്ഷം രൂപയിൽ നിന്നും 6.43 ലക്ഷം രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 25)**

2202-02-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6323387 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയ 1 കോടി രൂപയിൽ നിന്നും 27.71 ലക്ഷം രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത്. പ്രസ്തുത സാഹചര്യത്തിൽ, സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

**ശിപാർശ (ഖണ്ഡിക നം. 26)**

2202-80-004-91-36—ഗവേഷണം - സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) - സഹായധനം - ശമ്പളേതരം

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായികൾ, ഡിജിറ്റൽ വിഭവങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും വിവിധ ജില്ലകളിലായി അന്തർദേശീയ-ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാറുകൾ സംഘടിപ്പിക്കൽ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നാഷണൽ സെമിനാർ, അദ്ധ്യാപക ശാക്തീകരണം എന്നീ പരിപാടികൾക്കുമായി പദ്ധതിയിനത്തിൽ 2.70 കോടി രൂപയും എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ 2022-23 വർഷത്തെ ശമ്പളം, ടി. എ., ഓഫീസ് ചെലവുകൾ, വാടക, നികുതി എന്നീ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

[(സർക്കാർ കത്ത് നം. പി2/472/2023/പൊ.വി.വ., തീയതി 4-8-2023; 8-8-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

**ശിപാർശ (ഖണ്ഡിക നം. 27)**

2202-03 -102-99 -31—സർവ്വകലാശാലകൾക്കുള്ള സഹായം - കേരള സർവ്വകലാശാല – സഹായധനം - ശമ്പളം

ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവ മൂലമുള്ള പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 46.32 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 28)**

2202-03 -102-98—കോഴിക്കോട് സർവ്വകലാശാല

31—സഹായധനം - ശമ്പളം

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണപ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60.583 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക നം. 29)**

35— മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36— സഹായധനം - ശമ്പളേതരം

പദ്ധതി നടത്തിപ്പിനായി യൂണിവേഴ്സിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നെടുത്ത രൂപ തിരിച്ചടയ്ക്കുന്നതിനും നാക് (NAAC) അക്രെഡിറ്റേഷന് മുന്നോടിയായുള്ള വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 16.6407626 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത്

വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 30)**

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠന വകുപ്പുകളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 132.4628 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 31)**

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

31— സഹായധനം - ശമ്പളം

35—മൂലധന ആസ്തികളുടെ രൂപീകരണം - സഹായധനം

36—സഹായധനം - ശമ്പളേതരം

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ്, കുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ, ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരണം എന്നിവയ്ക്കായും പദ്ധതിയിനത്തിൽ 2.47 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 55.9851 കോടി രൂപയും പി.എഫ്., പെൻഷൻ ഫണ്ട് എന്നിവയിൽ നിക്ഷേപിക്കുവാൻ കഴിയാതെ പോയ മുൻബാധ്യതകൾ തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 113.6026 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 32)**

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

31—സഹായധനം - ശമ്പളം

അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപകരുടെ ശമ്പള ഇനത്തിലുള്ള കുടിശ്ശിക തുക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും മറ്റുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 32.524 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 33)**

2202-03-102-77-36—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്) - സഹായധനം - ശമ്പളേതരം

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 12.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നം. 34)**

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

31—സഹായധനം - ശമ്പളം

36—സഹായധനം - ശമ്പളേതരം

ക്യാമ്പസിന്റെ വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം, യാത്രാബത്ത, വൈദ്യുതി, ടെലഫോൺ, മീറ്റിംഗ് ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.90 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 12.8174 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

[സർക്കാർ കത്ത് നം. ബി1/223/2022/ഉ.വി.വ., തീയതി 22-2.-2023; 7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 42)**

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ(ആർ.യു.എസ്.എ) (60% സി.എസ് .എസ്)

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്രവിഹിതമായ 156 കോടി രൂപ ലഭിക്കാനുണ്ട്. കേന്ദ്ര വിഹിതത്തിനാനുപാതികമായുള്ള സംസ്ഥാന

വിഹിതം നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 115.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ പി.എഫ്. എം.എസ് മുഖേനയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത് സിംഗിൾ നോഡൽ ഏജൻസി (SNA) സംവിധാനത്തിന്റെ കീഴിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക്, കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാനവിഹിതവും സിംഗിൾ നോഡൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും അവിടെ നിന്ന് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു.

[സർക്കാർ കത്ത് നം. ബി1/223/2022/ഉ.വി.വ., തീയതി 22-2-2023; 7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 44)**

2202-03-105-97-02—അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ളപദ്ധതി (എ.എസ്.എ.പി.) (എഫ്.എ.പി)

ഏഴ് സ്കിൽ പാർക്കുകളുടെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 61.7225 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരു ത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 35 കോടി രൂപ മുഴുവനായി അസാപ്പിന് അനുവദിച്ചിട്ടുണ്ട്. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 14.50 കോടി രൂപയുടെ അഡീഷണൽ ഓതറൈസേഷനുള്ള പ്രൊപ്പോസൽ അസാപ് സമർപ്പിച്ചിരുന്നുവെങ്കിലും 2022-23 സാമ്പത്തികവർഷം അധിക ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലായിരുന്നു. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതത്തിൽ തുക ശേഷിക്കുന്നുണ്ടെങ്കിൽ ധനപുനർവിനിയോഗം മുഖേന അസാപ്പിന് തുക അനുവദിക്കാൻ സാധ്യത പരിശോധിച്ചെങ്കിലും, കോളേജ് വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിയതിനാൽ അസാപിന് ധനപുനർവിനിയോഗം വഴി തുക ലഭ്യമാക്കാനും സാധിച്ചിട്ടില്ല. അതിനാൽ അടുത്ത സാമ്പത്തികവർഷത്തിൽ നിന്നുള്ള ഫണ്ട് വിനിയോഗിക്കാൻ അസാപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി.

[സർക്കാർ കത്ത് നമ്പർ സി4/82/2022-എച്ച്.ഇ.ഡി.എൻ തീയതി 22-6-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 48)**

2203-00-102-99—<u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്) -</u>

31—<u>സഹായധനം - ശമ്പളം</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - ശമ്പളേതരം</u>

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക നം. 49)**

പ്രവേശന പരീക്ഷ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം, പെൻഷൻ പരിഷ്കരണം മൂലമുണ്ടായ അധിക ബാധ്യത, യു.ജി.സി/എ.ഐ.സി.ടി.ഇ. ഡി.എ. റിവിഷൻ, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, റിസർച്ച് സ്കോളർഷിപ്പ് എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര യിനത്തിൽ 83.5074 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി യിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്ക് അധിക ധനസഹായം നൽകുന്നത് പരിഗണിക്കുന്നതാണ്.

[സർക്കാർ കത്ത് നം. ബി1/223/2022/ഉ.വി.വ., തീയതി 22-2-2023;

7-6-2023 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു. ]

**ശിപാർശ (ഖണ്ഡിക നം. 50)**

2203-00-102-97—<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി(ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)</u>

31—<u>സഹായധനം - ശമ്പളം</u>

ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി സഹായധനം-ശമ്പളം എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.0337 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 51)**

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും യൂണിവേഴ്സിറ്റി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 213.872 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഡോ. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്കുവേണ്ടി 100 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ 27-06-2020-ലെ സ.ഉ(അ) നമ്പർ 45/20/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി, ഇതിൽ ഒന്നാം ഘട്ടമായി 135 ഭൂഉടമകളിൽ നിന്നായി 50 ഏക്കർ ഭൂമി 3-12-2022 തീയതിയോടെ ഏറ്റെടുക്കുകയും ഭൂവുടമകൾക്ക് നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരതുകയായി കണക്കാക്കിയിട്ടുള്ള 203.92 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 52)**

36—സഹായധനം - ശമ്പളേതരം

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നതിനും സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടെ 19 ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 136.528 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 53)**

36—<u>സഹായധനം - ശമ്പളേതരം</u>

ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമേ 54.9064 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. 223/ജെ3/2022/ഉ.വി.വ., തീയതി 10-5-2023;7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 54)**

2203-00-103-99-06—<u>ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം -വാടക, കരം, നികുതി</u>

ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 15 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതത്തിന് പുറമെ 27-11-2022-ലെ G.O(Rt)No.8029/2022/Fin പ്രകാരം 7,12,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന കാഞ്ഞിരപ്പള്ളി ടെക്നിക്കൽ ഹൈസ്കൂളിന് വാടകയിനത്തിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്.

19-1-2023-ലെ G.O(Rt)No.390/2023/Fin പ്രകാരം 11,50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ഇലഞ്ഞി ടെക്നിക്കൽ ഹൈസ്കൂളിനു വാടകയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. ജെ2/280/2022/ഉ.വി.വ., തീയതി 24-4-2023;7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 58)**

2203-00-112-61-36—<u>കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം - സഹായധനം ശമ്പളേതരം</u>

കോട്ടയം സയൻസ് സിറ്റി നിർമ്മാണം പൂർത്തിയാക്കി 2023-24-ൽ തുറന്നുകൊടുക്കുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക നം. 59)**

വരുംവർഷങ്ങളിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതര ശീർഷകം അനുവദിച്ച് മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബഹു. ധനമന്ത്രിയുടെ മറുപടി പ്രസംഗത്തിന്റെ അടിസ്ഥാനത്തിലും, നിലവിലെ വിഭവ ലഭ്യതയുടെ അഭാവം കണക്കിലെടുത്തും, സമിതിയുടെ ശിപാർശ പ്രകാരം തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. കെ2/91/2022/ഉ.വി.വ., തീയതി 29-12-2022;7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 60)**

2203-00-112-60—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി)</u>

35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തികവർഷത്തിൽ ഐ.എച്ച്.ആർ.ഡി- ക്ക് പദ്ധതിയിനത്തിൽ ബജറ്റ് വിഹിതമായി 22.8 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും ഐ.എച്ച്.ആർ.ഡി- ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി യിലെ സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത തുകയിൽ 8.6640 കോടി രൂപ ഐ.എച്ച്.ആർ.ഡി-യിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായിട്ടാണ് അനുവദിച്ചത്. സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. ജെ1/326/2022/ഉ.വി.വ., തീയതി 10-7-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 61)**

2203-00-112-60—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി)</u>

31—<u>സഹായധനം - ശമ്പളം</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം-ശമ്പളം' എന്ന ഉപശീർഷകത്തിൽ 80.1832 കോടി രൂപയും '36-സഹായധനം-ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.2541 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ 6202-02-105-98 (P) എന്ന ഹെഡിൽ നിന്നും 25 കോടി രൂപ വായ്പയായി ഐ.എച്ച്.ആർ.ഡി.-ക്ക് അധികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയേതരയിനത്തിൽ (Non plan- Non salary)-ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചിരുന്ന 5.7459 കോടി രൂപയിൽ 1.3360 കോടി രൂപ ശമ്പളം നൽകുന്നതിനായി വക മാറ്റിയിരുന്നു. ഇതിനു പുറമെ പ്ലാൻ ശീർഷകം 2203-00-112-60-36&35 എന്നിവയിൽ നിന്നും 8.6640 കോടി രൂപ ശമ്പളചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നം. ജെ1/327/2022/ഉ.വി.വ., തീയതി 10-7-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 62)**

2203-00-112-58—എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി യഥാക്രമം 25 കോടി രൂപയും 23 കോടി രൂപയും ചേർത്ത് ആകെ 48 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത പ്രവർത്തികൾക്കായി അധികമായി തുകയൊന്നും സർക്കാർ വകയിരുത്തിയിട്ടില്ല. മലപ്പുറം എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭ്യമായത് 2013-ൽ ആയതിനാൽ ഇക്കാര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുകയാണ്.

[സർക്കാർ കത്ത് നം. ജെ1/328/2022/ഉ.വി.വ., തീയതി 17-6-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 63)**

36—സഹായധനം-ശമ്പളേതരം

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ. പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എൽ.ബി.എസ്.ഐ.റ്റി.ഡബ്ല്യൂ. പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ്

അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ സമിതി ശിപാർശ ചെയ്ത തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. ജെ1/329/2022/ഉ.വി.വ., തീയതി 17-6-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

### ശിപാർശ (ഖണ്ഡിക നം. 64)

2203-00-800-91-36—<u>കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം - ധനസഹായം - ശമ്പളേതരം</u>

സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഒരു അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനും കോഴിക്കോട്, എറണാകുളം ഉപകേന്ദ്രങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒരു 5 കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിലും സർക്കാർ ധനസഹായം നൽകി വരുന്ന സി-ആപ്റ്റ് പോലുള്ള സ്ഥാപനങ്ങൾ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതുണ്ട് എന്നതിനാലും സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നം. കെ3/166/2022/HEDN., തീയതി 30-1-2023; 7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

### ശിപാർശ (ഖണ്ഡിക നം. 67)

2205-00-105-99—<u>കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

31— <u>സഹായധനം - ശമ്പളം</u>

ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള/പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 5.19 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക നം. 68)**

36—<u>സഹായധനം - ശമ്പളേതരം</u>

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർ വത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും, ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 18 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-2022-23-ന്റെ ധനാഭ്യർത്ഥനകളുടെ രണ്ടാമത് റിപ്പോർട്ടിലെ 67 & 68 ഖണ്ഡികകളിൽ ശിപാർശ ചെയ്ത പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2022-23 സാമ്പത്തിക വർഷം പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ എ 2/122/2022/എച്ച്.ഇ.ഡി.എൻ., തീയതി 7-6-2023; 3-1-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 69)**

2205-00-105-96—<u>ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്</u>

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പിനുള്ള തുക 51,350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായ വർദ്ധനവ് അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 12,350 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 വർഷത്തെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പിന് സാധാരണയായി ഉണ്ടാകുന്ന ഗസ്റ്റ് അധ്യാപകർക്കുള്ള ഹോണറേറിയവുമായി ബന്ധപ്പെട്ടിട്ടുള്ള സാമ്പത്തിക ചെലവ് ഉണ്ടാകാത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 39,000 രൂപ കോഴ്സ് നടത്തിപ്പിന് പര്യാപ്തമായിരുന്നു.

[സർക്കാർ കത്ത് നമ്പർ എ 1/202/2022/എച്ച്.ഇ.ഡി.എൻ., തീയതി 22-6-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 70)**

4202-01-203-70—പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ചറൽ ഫെസിലിറ്റികളും)

മലയാളം സർവ്വകലാശാല ക്യാമ്പസ് വികസനത്തിനും അക്കാദമിക് - ഭരണവിഭാഗ കെട്ടിട നിർമ്മാണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 143.50 കോടി രൂപ ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വൻകിട പദ്ധതികൾക്ക് വിവിധ ബജറ്റ് ശീർഷകങ്ങളിൽ വെവ്വേറെ ഫണ്ട് വകയിരുത്താതെ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ഒറ്റ പദ്ധതി ശീർഷകത്തിനു കീഴിൽ ലംപ്സം വിഹിതം വകയിരുത്തുകയും, നിർവഹണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം നിർദിഷ്ട പദ്ധതികൾക്ക് വിഹിതം അനുവദിക്കുകയും ചെയ്തു വരുന്നു. നടപ്പ് സാമ്പത്തിക വർഷം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 507 കോടി രൂപ 5475-00-115-99 എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പബ്ലിക് യൂണിവേഴ്സിറ്റി ക്യാംപസ് നിർമ്മാണവും വികസനവും ഇതിനു കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി പ്രവർത്തനമാണ്.

[സർക്കാർ കത്ത് നം. ബി1/223/2022/ഉ.വി.വ., തീയതി 22-2-2023; 7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

**ശിപാർശ (ഖണ്ഡിക നം. 71)**

2202-03-112-95-31—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്- സഹായധനം - ശമ്പളം

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.2423 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ പ്രകാരം 2022-2023-ൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനു ശേഷം 124.23 ലക്ഷം രൂപയുടെ അഡീഷണൽ ആതറൈസേഷനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. എഫ്-ആർ.ഒ/6/2022-PLEGA., തീയതി 3-12-2022; 7-6-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## സാംസ്കാരികകാര്യ വകുപ്പ്

### ശിപാർശ (ഖണ്ഡിക നം. 72)

2202-05-102-98-36—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം - ശമ്പളേതരം

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, പേ റിവിഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കെട്ടിട വാടക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 73)

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം - ശമ്പളേതരം

2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 91.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 74)**

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - സഹായധനം - ശമ്പളേതരം

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള റഫറൻസ് ലൈബ്രറിയുടെ നവീകരണം, വൈജ്ഞാനിക ഭാഷാവികസനം, വിജ്ഞാനമുദ്രണം പ്രസ്സിന്റെ ആധുനികവത്കരണം, അന്താരാഷ്ട്ര പുസ്തകോത്സവം, ആസാദ് കാ അമൃത് മഹോത്സവ് എന്നിവയുൾപ്പെടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും, ജീവനക്കാരുടെ ശമ്പളവും അലവൻസുകളും, ഡി. എ. കുടിശ്ശിക, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിനായും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 75)**

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി - ധനസഹായം - സഹായധനം - ശമ്പളേതരം

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ഹെഡ് ഓഫീസിന്റെ വാടക നൽകുന്നതിനും പുതിയ കെട്ടിടത്തിൽ സ്ഥല പരിമിതിമൂലം ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം പ്രവർത്തനയോഗ്യമാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.85 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 73.74 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 76)**

2202-05-102-86—<u>മലയാളം മിഷൻ</u>

മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന, അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക, മറ്റ് ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.86 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 16.56 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മലയാളം മിഷന് 2022-23 സാമ്പത്തിക വർഷത്തിൽ 2202-05-102-86 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 14,40,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.148/2023/സാം.കാ.വ തീയതി 25-3-2023 & സ.ഉ.(സാധാ)നം. 155/ 2023/സാം.കാ.വ തീയതി 27-3-2023).

**ശിപാർശ (ഖണ്ഡിക നം. 77)**

2205-00-101-97—<u>കേരള കലാമണ്ഡലം</u>

31—<u>സഹായധനം - ശമ്പളം</u>

7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും 11-ാം ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25.84 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള കലാമണ്ഡലത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-101-97-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,62,45,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.1555/2023/ധന തീയതി 2-3-2023)

**ശിപാർശ (ഖണ്ഡിക നം. 78)**

36—<u>സഹായധനം - ശമ്പളേതരം</u>

കലാമണ്ഡലത്തിലെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 72.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 79)**

2205-00-101-96—<u>ജവഹർ ബാലഭവൻ</u>

31—<u>സഹായധനം - ശമ്പളം</u>

ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ഇ.പി.എഫ്. കുടിശ്ശിക, ശമ്പള പരിഷ്കരണത്തുക, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 7.1904916 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജവഹർ ബാലഭവന് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-101-96-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2,73,27,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.8285/2022/ധന തീയതി 7-12-2022).

**ശിപാർശ (ഖണ്ഡിക നം. 80)**

36—<u>സഹായധനം - ശമ്പളേതരം</u>

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ബാലഭവനുകളിലെ കുട്ടികൾക്ക് ഗുണപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.0356 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 81)**

2205-00-101-89—<u>തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം</u>

36—<u>സഹായധനം - ശമ്പളേതരം</u>

തുഞ്ചൻ സ്മാരകത്തിൽ ആരംഭിച്ച ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമിതരായ ഗൈഡ്, ഗവേഷകർ എന്നിവർക്കുള്ള പ്രതിഫലം, സാധന സാമഗ്രികളുടെ ശേഖരണം, സൂക്ഷിപ്പ്, യാത്രാ-താമസ ചെലവുകൾ, സ്മാരകത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ബാലസമാജ ശില്പശാലകൾ, ലൈബ്രറി വികസനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 82)**

2205-00-102-98—<u>പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധ്യമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 83)**

2205-00-102-97—<u>കേരള സാഹിത്യ അക്കാഡമി ധനസഹായം</u>

36—<u>സഹായധനം - ശമ്പളേതരം</u>

സാംസ്കാരിക പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.80 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.07 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 84)**

2205-00-102-91—<u>കേരള ലളിതകലാ അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

കേരള ലളിതകലാ അക്കാഡമി ആസ്ഥാന മന്ദിരത്തിന്റെയും ഗ്യാലറികളുടെയും നവീകരണം, കലാകാരന്മാർക്കുള്ള ചികിത്സാ സഹായം, ഇൻഷ്വറൻസ് പരിരക്ഷ, കിളിമാനൂർ രാജാ രവിവർമ്മ സ്മാരക നിലയം - ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, സ്ഥിരം - കരാർ - ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവ സംബന്ധിച്ച ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 85)**

2205-00-102-90—കേരള സംഗീതനാടക അക്കാഡമി

36—സഹായധനം - ശമ്പളേതരം

കലോത്സവങ്ങൾ, ശില്പശാലകൾ, സംഗീതോത്സവങ്ങൾ, നാടക മത്സരങ്ങൾ എന്നിങ്ങനെ അക്കാഡമിയുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികൾക്കും മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമൊപ്പം ജീവനക്കാരുടെ വേതനം, എൻ.പി.എസ്., യാത്രാബത്ത, ശമ്പള പരിഷ്കരണ തുക, വാഹന-ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.6 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5869 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അമേച്വർ നാടകങ്ങൾക്കുള്ള പ്രോത്സാഹനത്തിനായി കേരള സംഗീത നാടക അക്കാദമിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-102-08-34 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 50,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.(സ.ഉ.(സാധാ) നം.6130/2022/ധന തീയതി 31.08.2022).

കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ഇറ്റ്ഫോക്ക് 2023' അന്താരാഷ്ട്ര നാടകോത്സവവുമായി ബന്ധപ്പെട്ട ചിലവുകൾ വഹിക്കുന്നതിന് ധനപുനഃവിനിയോഗം വഴി 2,07,56,400 രൂപ അനുവദിച്ചിട്ടുണ്ട്.(സ.ഉ.(സാധാ)നം.51/2023/ സാം.കാ.വ. തീയതി 30.01.2023)

**ശിപാർശ (ഖണ്ഡിക നം. 86)**

2205-00-102-87—നിർദ്ധനരായ കലാകാരന്മാർ/ സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം

36—സഹായധനം - ശമ്പളേതരം

കലാകാര പെൻഷൻ കൈപ്പറ്റുന്ന 2800 കലാകാരന്മാർക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 56.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 87)

2205-00-102-86—കഥകളി പരിശീലനം - മാർഗി

36—സഹായധനം- ശമ്പളേതരം

ആട്ടക്കഥകൾ ചൊല്ലിയാടി വിശദമായി വ്യാഖ്യാനിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകൾ നൽകുന്നതിനും കലാമണ്ഡലം പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചുവരുന്നവർക്ക് ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിനും കൂടിയാട്ടത്തിന്റെ പരിപോഷണാർത്ഥം സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 88)

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

36—സഹായധനം - ശമ്പളേതരം

കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവമാധ്യമത്തിൽ വേദി ഒരുക്കി സഹായം ലഭ്യമാക്കിയ 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗിന്റെ തുടർഘട്ട പ്രവൃത്തികൾക്കും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.09 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 95 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 89)

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം - വട്ടിയൂർക്കാവ്

36—സഹായധനം - ശമ്പളേതരം

കേരളത്തിന്റെ തനത് നടനകലകളെയും സാംസ്കാരിക പ്രതീകങ്ങളെയും പൊതുസമൂഹത്തിൽ ഉയർത്തിയെടുക്കാനുള്ള പദ്ധതി രൂപീകരണത്തിനും കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം, മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 17 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 43 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-102-76-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 7,60,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.158/2023/സാം.കാ.വ. തീയതി 27-3-2023)

### ശിപാർശ (ഖണ്ഡിക നം. 90)

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള

27-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 91)

2205-00-102-74—കേരള നാടൻകല അക്കാഡമി

36—സഹായധനം - ശമ്പളേതരം

അക്കാഡമി ആസ്ഥാനം സന്ദർശിക്കുന്നവർക്ക് വിശ്രമ മുറി ഉൾപ്പെടെ ഒരു അമിനിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായും അക്കാഡമി സംഘടിപ്പിക്കുന്ന മറ്റ് പരിപാടികൾക്കായും, സ്ഥിരം ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ

എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 92)**

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട്ഹബ്ബുകളും

നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളെ കൂടാതെ പൈതൃക ഗ്രാമപദ്ധതി ബ്ലോക്ക് - വില്ലേജ് തലങ്ങളിൽ ആരംഭിക്കുന്നതിനും വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും എന്ന പദ്ധതിയ്ക്കായി നടപ്പു വർഷം വകുപ്പിലെ 2205-00-102-71 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2510 ലക്ഷം രൂപയിൽ നാളിതുവരെ പരിമിതമായ രൂപയുടെ ചെലവ് മാത്രമേ വന്നു ചേർന്നിട്ടുള്ളൂ. ആയതിനാൽ നിർവ്വഹണ ഏജൻസിയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നീക്കിയിരിപ്പ് തുകയിൽ നിന്നുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്താവുന്നതാണ് എന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 93)**

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം

36—സഹായധനം - ശമ്പളേതരം

ചെങ്ങന്നൂരിൽ സ്ഥാപിതമാകുന്ന വാസ്തുവിദ്യാ ചുമർച്ചിത്ര ഗ്യാലറിക്കൊപ്പം വാസ്തുവിദ്യാ മ്യൂസിയം നിർമ്മിക്കുന്നതിനും പാരമ്പര്യ വാസ്തുവിദ്യാ ശൈലിയിലുള്ള കെട്ടിടനിർമ്മാണത്തിനും ഗുരുകുലത്തിലെ സ്ഥിരം - താൽകാലിക ജീവനക്കാരുടെ

ശമ്പളം, വേതനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വാസ്തുവിദ്യാ ഗുരുകുലത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-102-68-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 15,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.2554/2023/ധന തീയതി 25-3-2023)

**ശിപാർശ (ഖണ്ഡിക നം. 94)**

2205-00-102-66—<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി</u>

31—<u>സഹായധനം - ശമ്പളം</u>

ചലച്ചിത്ര അക്കാദമി ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നിരിക്കെ അക്കാദമിയിലെ സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 95)**

36—<u>സഹായധനം - ശമ്പളേതരം</u>

മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സിനിമാ രംഗത്തെ സാങ്കേതിക മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ മലയാള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും ഓൺലൈൻ ചലച്ചിത്ര പഠന കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയങ്ങളിൽ ഫിലിം ഫെസ്റ്റിവൽ, ചലച്ചിത്രാസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ചലച്ചിത്ര പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്,

ജെ.സി. ഡാനിയേൽ അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയുൾപ്പെടെ അക്കാഡമിയുടെ നിരവധി പരിപാടികൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 96)**

2205-00-102-65—മലയാള ചിത്രങ്ങൾക്കായുള്ള സബ്സിഡി

33—സബ്സിഡികൾ

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 97)**

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാഡമി

36—സഹായധനം - ശമ്പളേതരം

മ്യൂസിയം, ഗവേഷണ ലൈബ്രറി, ഇശൽ പൈതൃകം, ഫെല്ലോഷിപ്പ്, യുവജനങ്ങൾക്കായുള്ള കലാപരിശീലനം, മാപ്പിള സാഹിത്യത്തിലെ സ്തൂപഠനങ്ങൾ, ആസാദി കാ അമൃത് മഹോത്സവ്, നാദാപുരത്തെ നിർദ്ദിഷ്ട തിയേറ്റർ നിർമ്മാണം, അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ

5.54 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 96.71 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 98)**

2205-00-102-55—<u>കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ</u>

36—<u>സഹായധനം - ശമ്പളേതരം</u>

2022 ഏപ്രിൽ മാസത്തിലാരംഭിച്ച് 2023 ഏപ്രിൽ മാസത്തിൽ അവസാനിക്കുന്നവിധം മഹാകവി കുമാരനാശാന്റെ നൂറ്റിഅമ്പതാം ജന്മ വാർഷികാഘോഷ പരിപാടികളുടെ നടത്തിപ്പിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 99)**

2205-00-102-41—<u>സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം - ആവർത്തിക്കാത്തത്</u>

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 100)

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

36—സഹായധനം - ശമ്പളേതരം

വൈലോപ്പിള്ളി സംസ്കൃതിഭവന് കീഴിൽ പൈതൃക സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ, വിദേശരാജ്യങ്ങളിലുൾപ്പെടെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, സാംസ്കാരിക വിദ്യാഭ്യാസ കോഴ്സുകൾ നടത്തൽ, സംസ്കൃതി ചാനൽ ആരംഭിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയം, കൂത്തമ്പലം എന്നിവയുടെ നവീകരണം, ജീവനക്കാരുടെ വേതനം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാഹന വാടക, കെട്ടിട/പൂന്തോട്ട നവീകരണം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.40 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.08 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 101)

2205-00-102-34—അന്താരാഷ്ട്ര നാടകോത്സവം

ലോക നാടകത്തിന്റെ നവീന പ്രവണതകളും സന്ദേശങ്ങളും പരിചയപ്പെടുത്തിക്കൊണ്ട് തൃശ്ശൂരിനുപുറമെ പ്രാദേശികാടിസ്ഥാനത്തിലും അന്താരാഷ്ട്ര നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അന്താരാഷ്ട്ര നാടകോത്സവത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ കേരള സംഗീത നാടക അക്കാദമിയുടെ 2205-00-102-97-36 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 3,00,00,000 രൂപ ധനപുനഃവിനിയോഗം വഴി 2205-00-102-90-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിരുന്നു. (സ.ഉ.(സാധാ) നം.509/2023/ധന തീയതി 21-1-2023).

അതിൽ നിന്നും 2,07,56,400 രൂപ അന്താരാഷ്ട്ര നാടകോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്. (സ.ഉ.(സാധാ)നം.51/2023/ധന തീയതി 30-1-2023)

**ശിപാർശ (ഖണ്ഡിക നം. 102)**

2205-00-102-32—<u>ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി</u>

36—<u>സഹായധനം - ശമ്പളേതരം</u>

അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹോസ്റ്റൽ നിർമ്മാണം, കൺവെൻഷൻ സെന്ററുകളുടെ നിർമ്മാണം, ഗുരുദേവകൃതികൾ സംഗീതാവിഷ്കാരത്തിലൂടെയും ഡിജിറ്റൈസേഷനിലൂടെയും ജനകീയമാക്കൽ, വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്, വെള്ളക്കരം, പൂന്തോട്ട പരിപാലനം തുടങ്ങിയ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 6.18 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 7 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 103)**

2205-00-102-31—<u>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്</u>

10—<u>സംഭാവന</u>

ബോർഡ് ചെയർമാന്റെ ശമ്പളം, യാത്രാബത്ത, മീറ്റിംഗ് ചെലവുകൾ, ജീനക്കാരുടെ വേതനം, വാഹന വാടക, കെട്ടിട വാടക, ഓഫീസ് ഓട്ടോമേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 72.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട് ബോർഡിന് 2022-23 സാമ്പത്തിക വർഷത്തിൽ 2205-00-102-31-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.7684/ 2022/ധന തീയതി 16-11-2022)

**ശിപാർശ (ഖണ്ഡിക നം. 104)**

2205-00-102-12—<u>കൊങ്കണി സാഹിത്യ അക്കാഡമി</u>

36—<u>സഹായധനം - ശമ്പളേതരം</u>

ഓഫീസ് പ്രവർത്തനങ്ങളുടെ വിപുലീകരണം, പുസ്തക പ്രകാശനം, വില്പന പുസ്തകങ്ങളുടെ ശേഖരണം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. എ 3/131/2022/സാം.കാ.വ., തീയതി 15-7-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 105)**

2205-00-103-99—<u>പുരാവസ്തു ഗവേഷണം - പുരാവസ്തു ഗവേഷണ വകുപ്പ്</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

മ്യൂസിയം സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനമൂലം കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കിയതുമൂലവുമുള്ള വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 106)**

45—<u>പി.ഒ.എൽ.</u>

ഇന്ധനവില വർദ്ധനമൂലവും ഫീൽഡ് സർവ്വെ, എസ്കവേഷൻ എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലവുമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 107)**

2205-00-103-98—<u>തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും</u>

തൃശ്ശൂർ ജില്ലയിലെ ശക്തൻ തമ്പുരാൻ പാലസ്, ജില്ലാ പൈതൃക മ്യൂസിയം എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. 124/ബി2/2023/സാം.കാ.വ., തീയതി 2-8-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 108)**

2205-00-103-89—<u>പുരാവസ്തു - കെട്ടിടങ്ങൾ</u>

കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതത്വസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കാനും സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടം പിടിക്കുന്ന പൈതൃക നിർമ്മിതികളെ സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. 124/ബി2/2023/സാം.കാ.വ., തീയതി 2-8-2023;8-8-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 109)**

2205-00-103-85—<u>പൈതൃക പഠന കേന്ദ്രം</u>

കേരളത്തിലെ പൈതൃകത്തെ സംബന്ധിച്ച ലിഖിതങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, വിവിധ പൈതൃകങ്ങളുടെ പ്രാമാണീകരണവും പ്രദർശനങ്ങളും പ്രഭാഷണങ്ങളും, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ,

മാൻപാർക്ക്, മ്യൂസിയം ക്യാമ്പസ് എന്നിവയുടെ പരിപാലനം എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 61.15 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 27.58 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. എ 3/131/2022/സാം.കാ.വ., തീയതി 15-7-2023; 31-7-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 110)**

2205-00-103-80—<u>ജില്ലാതലത്തിലുള്ള പുരാവസ്തു/ പൈതൃക മ്യൂസിയം</u>

ജില്ലാ പൈതൃക മ്യൂസിയങ്ങൾക്കാവശ്യമായ പ്രദർശന വസ്തുക്കൾ കണ്ടെത്തി സജ്ജീകരിക്കുന്നതിനൊപ്പം അനുബന്ധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മലപ്പുറം, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ തുടർന്നുപോരുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 111)**

2205-00-103-77—<u>പുരാവസ്തു പ്രസിദ്ധീകരണങ്ങൾ</u>

പുരാവസ്തു വകുപ്പിന്റെ പഠന ഗവേഷണങ്ങളും കണ്ടെത്തലുകളും പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നവിധം ഗൈഡ് ബുക്കുകളും ബ്രോഷറുകളും പ്രസിദ്ധീകരിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 112)**

2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

കണ്ണൂർ-പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന എ.കെ.ജി. മ്യൂസിയത്തിന് അഞ്ചരക്കണ്ടിപ്പുഴയ്ക്ക് സമീപത്ത് നിന്നും ലാന്റ്സ്കേപ്പിംഗ് പ്രദർശന സംവിധാനം സജ്ജമാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 113)**

2205-00-107-89—ശ്രീചിത്ര ആർട്ട് ഗ്യാലറി

ശ്രീചിത്ര ആർട്ട് ഗ്യാലറിക്ക് സമീപത്തായി പുതിയതായി നിർമ്മിക്കുന്ന രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾ, ലാന്റ്സ്കേപ്പിംഗ്, ആർട്ട് ഗ്യാലറിയിൽ ഇന്റർപ്രിട്ടേഷൻ സെന്റർ ആരംഭിക്കൽ, ലൈബ്രറി സജ്ജമാക്കൽ എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-2023 സാമ്പത്തിക വർഷത്തിൽ അധിക വകയിരുത്തൽ അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നം. 124/ബി2/2023/സാം.കാ.വ., തീയതി 2-8-2023; 8-8-2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നം. 114)**

2205-00-800-30—'മഴമിഴി' നവമാധ്യമ കലാപരിപാടികൾ

കോവിഡ് മഹാമാരിയിലും വെള്ളപ്പൊക്കത്തിലും ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് അവരുടെ കലാപരിപാടികൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്നതിനായി

തയ്യാറാക്കിയ പദ്ധതിയുടെ പൂർത്തീകരണത്തിന് പര്യാപ്തമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 115)**

2205-00-800-29—<u>'സമം' - ലിംഗസമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം</u>

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്ന 'സമം' പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമം പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം വകുപ്പിലെ 2205-00-800-29 (പ്ലാൻ) എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച ഈ പദ്ധതിയിൽ നാളിതുവരെ 25 ലക്ഷം രൂപയുടെ ചെലവാണ് വന്നുചേർന്നിട്ടുള്ളത്. നിലവിലെ ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതാണ് എന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നം. 116)**

4202-04-190-99—<u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

01—<u>മരാമത്തുപണികൾ</u>

ഫിലിം ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുടെ വികസനം, സ്റ്റുഡിയോകൾ, തിയേറ്ററുകൾ എന്നിവയുടെ വികസനം, പുതിയ തീയേറ്ററുകളുടെ നിർമ്മാണം, ചലച്ചിത്ര നിർമ്മാണത്തിലെ സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമാ നിർമ്മാണം തുടങ്ങിയ പരിപാടികൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 57.54 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പാലയാട് സിനി തീയേറ്റർ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2022-23 സാമ്പത്തിക വർഷത്തിൽ 4202-04-800-79-02 (പ്ലാൻ) എന്ന ശീർഷകത്തിൽ 7,45,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സ.ഉ.(സാധാ)നം.1956/2023/ധന തീയതി, 15-3-2023,

(സ.ഉ.(സാധാ)നം.145/2023/സാം.കാ.വ തീയതി 25-3-2023)

**ശിപാർശ (ഖണ്ഡിക നം. 117)**

4202-04-800-85—ഡയറക്ടറേറ്റ് ഓഫ് കൾച്ചർ കോംപ്ലക്സിന്റെ നിർമ്മാണം

തിരുവനന്തപുരം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക ഡയറക്ടറേറ്റ് ഓഫീസിനും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നം. 118)**

4202-04-800-84— കലാകാരന്മാർക്കുള്ള അഭയകേന്ദ്രം (ഹോം സ്റ്റേ/ കലാഗ്രാമം)

നിരാലംബരായ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമുള്ള സുസ്ഥിര ഉപജീവനമാർഗ്ഗമായ 'അഭയകേന്ദ്രം' പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 119)

4202-04-800-83—ഫ്രീഡം മെമ്മോറിയൽ പാർക്ക്

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്മാരകങ്ങൾക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നം. 120)

4202-04-800-82—സാംസ്കാരിക പൈതൃക ഗ്രാമം

കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ 2022-2023 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.എ 3/131/2022/സാം.കാ.വ; തീയതി 15-7-2023,31-7-2023-ലെ യോഗം അംഗീകരിച്ചു.)

### ശിപാർശ (ഖണ്ഡിക നം. 145)

മരാമത്ത് ജോലികൾ സംബന്ധിച്ച ഡി.എസ്.ആർ. നിരക്ക് (Delhi Schedule of Rate) 2016-ൽ നിന്നും 2018-നെ അടിസ്ഥാനമാക്കി മുൻകാലപ്രാബല്യത്തിൽ വർദ്ധിച്ചിരിക്കുന്നതിനാൽ വർദ്ധനവിനനുസൃതമായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച്

ആയതിനുള്ള ബജറ്റ് വിഹിതം ഉറപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

2016-ലെ ഡി.എസ്.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2018-ലെ ഡി.എസ്.ആർ. പ്രകാരം തുകയിൽ ഉണ്ടാകുന്ന വ്യത്യാസം ഭരണാനുമതി തുകയിൽ അധികരിക്കുന്നതാണെങ്കിൽ നിർവ്വഹണ ഏജൻസികൾ പുതുക്കിയ എസ്റ്റിമേറ്റ് നൽകുന്നതനുസരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

(സർക്കാർ കത്ത് നം.പി2/472/2023/പൊ.വി.വ; തീയതി 4-8-2023, 8-8-2023-ലെ യോഗം അംഗീകരിച്ചു.)

<u>അദ്ധ്യായം II</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ (2022-23)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ.

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| ഉന്നതവിദ്യാഭ്യാസം | 35-41, 43, 45-47, 55-57, 65-66, 145 |
| കായിക യുവജനകാര്യം | 121-130 |
| പൊതുമരാമത്ത് വകുപ്പ് | 131-144 |

വി. ശിവൻകുട്ടി,

തിരുവനന്തപുരം,
2023 ആഗസ്റ്റ് 8.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*